# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 2026

## എ എൻ എം യു.പി സ്കൂൾ ഗോഖലെ നഗർ
## മൈലമ്പാടി.




Scanned with OKEN Scanner

ഉള്ളടക്കം


- അക്കാദമിക മാസ്റ്റർ പ്ലാൻ
- ആമുഖം
- വിദ്യാലയ ചരിത്രം
- അടിസ്ഥാന വിവരങ്ങൾ
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലധിഷ്ഠിതമായ പദ്ധതി വിശദാംശങ്ങൾ ലക്ഷ്യങ്ങൾ
- മികവ് പ്രവർത്തനങ്ങൾ
- പരിമിതികൾ
- ദീക്ഷ 2025
- നിലവിലുള്ള അവസ്ഥ വിശകലനം
- പ്രവർത്തന കലണ്ടർ
- ഉപസംഹാരം


Scanned with OKEN Scanner

## അക്കാദമിക മാസ്റ്റർ പ്ലാൻ

പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ പ്രധാനമായ ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടെയും അറിവും കഴിവും അവന്റെ പ്രായത്തിനനുസരിച്ച് പദ്ധതി വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. അക്കാദമികമായി കാര്യങ്ങൾ ഓർമിപ്പിക്കുവാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസൂത്രണം ചെയ്യേണ്ടതാണ്. ഇതിലൂടെ ഓരോ കുട്ടിയുടെയും പൊതുവായതും സവിശേഷതമായതുമായ കഴിവുകൾ പരിമിതികൾ തിരിച്ചറിഞ്ഞ് എല്ലാ കുട്ടികൾക്കും പഠന മുന്നേറ്റത്തിനുള്ള അവസരം ഒരുക്കണം. ഇങ്ങനെ മുഴുവൻ വിദ്യാർഥികളുടെ അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ പദ്ധതിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ .

പൊതുവിദ്യാലയങ്ങളിലെ അക്കാദമിക നിലവാരം സാധ്യമായ എല്ലാ ആശയങ്ങളും സംവിധാനങ്ങളും ഏകോപിപ്പിക്കുന്ന സമയബന്ധിതമായ ഒരു പദ്ധതിയാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി. പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്സമിതി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കുട്ടികളുടെ സമഗ്ര പ്രൊഫൈൽ തയ്യാറാക്കി അക്കാദമിക പിന്നാക്കാവസ്ഥ കണ്ടെത്തി മികവിലേക്കെത്തിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം .

Scanned with OKEN Scanner

# ആമുഖം

വിദ്യാഭ്യാസം സാമൂഹിക വികസനപ്രക്രിയയുടെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ്. സുസ്ഥിരവികസനത്തിൽ അധിഷ്ഠിതമായ ഒരു ജനാധിപത്യം സമൂഹത്തിന്റെ സൃഷ്ടിക്ക് അനുയോജ്യമായ അറിവ് നൈപുണ്യ മനോഭാവം മൂല്യങ്ങൾ എന്നിവ സ്വയം കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിൽ അധിഷ്ഠിതമായ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് കുട്ടികളെ അവരുടെ സർവോത്മക വികസനത്തിലേക്ക് എത്തിക്കുന്ന തനത് പ്രവർത്തനങ്ങൾ വിദ്യാലയം ആസൂത്രണം ചെയ്തിട്ടുണ്ട്. വേറിട്ട ചിന്തകളിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും ജീവിതത്തിലേക്ക് ഉള്ള പാത സൃഷ്ടിക്കാൻ കഴിയുമെന്നാണ് ഞങ്ങളുടെ വിശ്വാസം

Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | എ.എൻ.എം.യു.പി.സ്കൂൾ ഗോഖലെനഗർ |
| വിലാസം | ഗോഖലെനഗർ, മൈലമ്പാടി |
| വില്ലേജ് | കൃഷ്ണഗിരി |
| താലൂക്ക് | സുൽത്താൻ ബത്തേരി |
| ഗ്രാമ പഞ്ചായത്ത് | മീനങ്ങാടി |
| ബി.ആർ.സി | സുൽത്താൻ ബത്തേരി |
| മൊബൈൽ നമ്പർ | 83040996927 |
| ജില്ല | വയനാട് |
| സബ്ജില്ല | സുൽത്താൻ ബത്തേരി |
| ഹെഡ്മാസ്റ്റർ | പ്രതാപ്.കെ.ആർ |
| മൊബൈൽ നമ്പർ | 8606487088 |
| സീനിയർ അദ്ധ്യാപിക | നീതു മത്തായി |
| മൊബൈൽ നമ്പർ | 9747143428 |
| സ്കൂൾ കോഡ് | 15361 |
| സ്കൂൾ മാനേജർ | എൻ.കെ.ഷാജി |
| മൊബൈൽ നമ്പർ | 9447243143 |
| ഇ-മെയിൽ ഐഡി | headmasteranmupschoolgnagar@gmail.com |

Scanned with OKEN Scanner

# വിദ്യാലയ ചരിത്രം

വയനാട് വിദ്യാഭ്യാസ ജില്ലയിലെ സുൽത്താൻബത്തേരി ഉപജില്ലയിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലാണ് മൈലമ്പാടി പ്രദേശം സ്ഥിതി ചെയ്യുന്നത്.സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ ഗോപാലകൃഷ്ണ ഗോഖലയുടെ പേരിൽ അറിയപ്പെടുന്ന ഗോഖലെ നഗർ ഉന്നതിയിലെ തുടിതാളം എന്നും ഞങ്ങളുടെ ഉണർവും ഉന്മേഷവും ആണ്.അനന്തനാരായണ മെമ്മോറിയൽ അപ്പർ പ്രൈമറി സ്കൂൾ 1982 ൽ 72 കുട്ടികളുമായി തുടങ്ങിയ വിദ്യാലയത്തിലെ പ്രഥമ പ്രധാന അധ്യാപകൻ ശിവദാസൻ സാറും മാനേജർ വെങ്കിടേശ്വര അയ്യറും ആയിരുന്നു.ഇന്ന് 189 കുട്ടികൾ പഠിക്കുന്ന ഒരു വിദ്യാലയമാണ്.

ചെറുകിട നാമമാത്ര കർഷകരോ കർഷക തൊഴിലാളികളോ കന്നുകാലി വളർത്തൽ ഉപജീവനം മാർഗമായി സ്വീകരിച്ച ആളുകൾ താമസിക്കുന്ന ഈ പ്രദേശത്തിന്റെ സാമൂഹികവും വിദ്യാഭ്യാസപരമായ പിന്നോക്ക അവസ്ഥ മറികടുക്കുവാൻ വിദ്യാലയം നേതൃത്വം പരമായ പങ്കുവഹിച്ചുകൊണ്ടിരിക്കുന്നു.

സമീപപ്രദേശങ്ങളിലെ വിദ്യാലയങ്ങളിലെ ഡിവിഷൻ കുറഞ്ഞപ്പോഴും ഞങ്ങളുടെ വിദ്യാലയത്തിൽ കുറവ് വന്നിട്ടില്ല എന്ന് മാത്രമല്ല 2022 - 23 അധ്യായന വർഷത്തിൽ ഒരു ഡിവിഷൻ (ഇംഗ്ലീഷ് മീഡിയം ) കൂട്ടുവാൻ സാധിച്ചു. അതേ ഡിവിഷനുകൾ ഇപ്പോഴും പോകാതെ നിലനിർത്താൻ സാധിക്കുന്നത് വിദ്യാലയ മികവിന്റെ ഉദാഹരണമാണ്. അധ്യാപകരുടെയും PTA യുടെയും അകമഴിഞ്ഞ പ്രവർത്തനം ഒന്നുകൊണ്ടുമാത്രമാണ് ഞങ്ങൾക്ക് മികച്ച അഭിപ്രായങ്ങൾ സമൂഹത്തിൽ നിലനിൽക്കുവാൻ കാരണം. PTAയുടെ സമ്പൂർണ്ണ പങ്കാളിത്തവും നിർദ്ദേശങ്ങളും ഞങ്ങളുടെ പ്രവർത്തനത്തിന് ശക്തി പകരുന്നു. പിന്നാക്ക മേഖലയിലുള്ള ഈ വിദ്യാലയം 2019 നടന്ന ഹരിത വിദ്യാലയം റിയാലിറ്റി ഷോയിൽ പങ്കെടുക്കുകയും ഒരു ലക്ഷം രൂപയുടെ കമ്പ്യൂട്ടർ ഉപകരണങ്ങൾ നേടിയെടുക്കുകയും ചെയ്തു തുടർന്നുള്ള വർഷങ്ങളിൽ ഹൈടെക് ക്ലാസ് റൂമുകൾ ഒരുക്കുവാനും, ഭൗതികവും അക്കാദമികവുമായ പ്രവർത്തനങ്ങളിൽ മികവ്ഉയർത്തുവാനും. ശാസ്ത്ര, കായിക മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടുവാനും കഴിഞ്ഞു.

Scanned with OKEN Scanner

# പദ്ധതി വിശദാംശങ്ങൾ

## ലക്ഷ്യങ്ങൾ

- സമഗ്ര ഗുണമേ വിദ്യാഭ്യാസ പദ്ധതി ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണ്ട് അവന്റെ സാർവദോത്മകമായ വികസനമാണ് ലക്ഷ്യം.
- പഠന രീതികൾ മെച്ചപ്പെടുത്തുകയും അതുവഴി ഓരോ കുട്ടിയുടെയും പഠന നിലവാരം ഉയർത്തുകയും ചെയ്യുക.
- പരീക്ഷ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുകയും സമഗ്രമായ വിലയിരുത്തുകൾ ഉറപ്പാക്കുകയും ചെയ്യുക .
- ഓരോ ക്ലാസിലെയും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായി എന്ന് ഉറപ്പുവരുത്തുക.
- ഐസിടി സാധ്യത പരമാവധി പ്രയോജനപ്പെടുത്തി ആയാസകരവും ആഹ്ലാദകരവുമായ അനുഭവങ്ങളായി മാറ്റുക.
- പഠനത്തിൽ മുന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന തരത്തിൽ പിന്തുണയും കോച്ചിംഗ് ക്ലാസ് നൽകുക.
- പ്രത്യേക പരിഗണന ആഗ്രഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തമായ പഠന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- ചരിത്രശേഷിപ്പുകൾ നേരിട്ട് കണ്ടറിഞ്ഞ് സമൂഹത്തിലേക്ക് ഇറങ്ങിയും സാമൂഹ്യ പഠന നേട്ടങ്ങൾ കൈവരിക്കുക.
- ആരോഗ്യ ശുചിത്വ സാമൂഹ്യ മൂല്യ ആചാരമര്യാദകൾ പാലിക്കുന്ന സമൂഹത്തെ വളർത്തിയെടുക്കുക.
- കായിക ക്ഷമത വർദ്ധിപ്പിക്കുന്ന തരത്തിലുള്ള കായിക പ്രവർത്തനം നടപ്പിലാക്കുക
- ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക.
- കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം നൽകുക.
- സമൂഹവും വിദ്യാലയവുമായി ബന്ധിപ്പിക്കുന്ന തരത്തിലുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

Scanned with OKEN Scanner

- റോബോട്ടിക് സഹായത്തോടെ ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യുവാൻ കുട്ടികളെ പ്രാപ്തരാക്കുക.
- ഗോത്ര വിഭാഗം കുട്ടികളെ വിദ്യാലയത്തിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ള ഗോത്ര സൗഹൃദ പരിപാടികൾ ആസൂത്രണം ചെയ്യുക.

Scanned with OKEN Scanner

## മികവ് പ്രവർത്തനങ്ങൾ

- ദീക്ഷ
- പാന്റോ മൈം
- എന്റെ കുട്ടി
- മക്കളെ അറിയാം മക്കളോടൊപ്പം വളരാം
- വായനയുടെ  വാതായനങ്ങൾ തേടി
- അരങ്ങ്
- അറിവാനന്ദം
- പഠനയാത്രകൾ
- ആഹാരം ആരോഗ്യത്തോടെ
- ബോധവൽക്കരണ ക്ലാസ്
- നയുദ്ധ്
- കൂടിനൊരു കൂട്ട്
- സ്നേഹ സ്പർശം

Scanned with OKEN Scanner

# പരിമിതികൾ

**അക്കാദമികം**

വിദ്യാലയത്തിന് അഭിമാനകരമായ മികവ് പ്രവർത്തനങ്ങൾ ഉണ്ടെങ്കിലും ചില പോരായ്മകൾ മറികടക്കാനുള്ള ശ്രമങ്ങൾ നടത്തി വരികയാണ്. ഏഴാംതരം കഴിയുമ്പോൾ എഴുത്തും വായനയും മറ്റ് അടിസ്ഥാന ശേഷികളും ഓരോ കുട്ടികളും പ്രാപ്തമാക്കുക എന്നത് ഞങ്ങളുടെ ലക്ഷ്യമായിരുന്നെങ്കിലും അത് 100% എത്തിക്കുവാൻ കഴിയാത്തത് ഞങ്ങളുടെ പോരായ്മയായി കരുതുന്നു . അതിനായി തനത് പ്രവർത്തനങ്ങൾ വിദ്യാലയം നടപ്പിലാക്കുന്നുണ്ടെങ്കിലും പഠന വിടവ് അനുഭവപ്പെടുന്നു. തുടർച്ചയായി ഹാജറില്ലായ്മയാണ് അതിന് കാരണം സമഗ്ര ഗുണമേന്മ പദ്ധതിയിൽ അധിഷ്ഠിതമായ തനത് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ് .

**പരിമിതികൾ**

ഭൗതികം

വിദ്യാലയം പൂർണ്ണമാകണമെങ്കിൽ സുരക്ഷിതമായ ചുറ്റുമതിൽ ആവശ്യമാണ്. വിദ്യാലയത്തിന് സമീപത്ത് കൂടി ഉന്നതിലേക്ക് ഒരു നടപ്പാത ഉള്ളതിനാൽ എല്ലാവിധ ആൾക്കാരും പോകുന്നത് ഞങ്ങളുടെ കുട്ടികൾക്ക് സുരക്ഷിതത്വ മില്ലായ്മ അനുഭവപ്പെടാറുണ്ട്.

Scanned with OKEN Scanner

## ദീക്ഷ – 2025

സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിൽ അധിഷ്ഠിതമായ ഒരു തനത് പദ്ധതിയാണ് ദീക്ഷ 2025.കേരളത്തിൽ വിദ്യാഭ്യാസത്തിൻറെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള വിവിധ പരിപാടികൾ തുടർച്ചയായി നടന്നുവരികയാണ്. ഇപ്രകാരമുള്ള പരിഷ്കാരങ്ങൾ വരുംതലമുറയ്ക്ക് തീർച്ചയായയുംഒരു മുതൽക്കൂട്ടാണ്. കുട്ടിയുടെ സവിശേഷതകൾ മാനസികശേഷികൾ വിദ്യാഭ്യാസത്തെ കുറിച്ചുള്ള ധാർമികമായ കാഴ്ചപ്പാട് എന്നിവ നമ്മൾ അധ്യാപകർ മുന്നിൽ കണ്ടുകൊണ്ട് വേണം ഓരോ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനും നടപ്പിലാക്കുവാനും. പുതിയ കാലവും സമൂഹവും അനുഭവിക്കുന്ന പ്രതിസന്ധികളെ മറികടക്കാനുള്ള അനുയോജ്യമായ വിദ്യാഭ്യാസമാണ് നമുക്ക് വേണ്ടത്. ഇത് മനസ്സിലാക്കി കൊണ്ട് തന്നെ അധ്യാപകർ അവരുടെ കഴിവും അർപ്പണബോധത്തോടും കൂടി ദീക്ഷ 2025 എന്ന പദ്ധതി വിദ്യാലയത്തിലെ പ്രധാന അധ്യാപകന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നു. ജൂൺ രണ്ടാം വാരം പ്രീടെസ്റ്റിലൂടെയും ഗൃഹസന്ദർശനത്തിലൂടെയും ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കാണുകയും അവന് നൽകേണ്ട പിന്തുണകൾ തിരിച്ചറിഞ്ഞ് 3 സഹ ഗ്രൂപ്പുകളായി തിരിച്ച് തനത് പ്രവർത്തനങ്ങൾ നൽകുന്നു .അതിനായി അധ്യാപകർക്ക് ചുമതലകൾ നൽകുകയും എസ് ആർ ജി മീറ്റിംഗുകളിൽ നിരന്തര മൂല്യ നിർണയങ്ങളിലൂടെ വേണ്ട മാറ്റങ്ങൾ വരുത്തി മുന്നോട്ടു പോവുകയും ചെയ്യുന്നു.

Scanned with OKEN Scanner

## നിലവിലുള്ള അവസ്ഥാ വിശകലനം

പാഠ്യപാഠ്യേതര വിഷയങ്ങളിൽ മുഴുവൻ കുട്ടികളെയും മികവിലേക്ക് എത്തിക്കുന്നതിന് ഭൗതീകവും അക്കാദമികവുമായ നേട്ടങ്ങൾ കൈവരിക്കേണ്ടത് അനിവാര്യമാണ്.

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | കാരണങ്ങൾ |
|---|---|---|---|
| ഭൗതികം | ചുറ്റുമതിലിന്റെ അഭാവം | ഗുരുതരം | ചുറ്റുമതിൽ വിദ്യാലയത്തിന്റെ സുരക്ഷാവലയമാണ്. അകത്തുനിന്നും പുറത്തുനിന്നുമുള്ള സുരക്ഷ കുട്ടികളെ സംബന്ധിച്ച് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ചുറ്റുമതിലും കവാടവും ഏതൊരു വിദ്യാലത്തിന്റെയും മുഖമുദ്രയാണ്. |
| ഭൗതികം | ബിൽഡിംഗിന്റെ അഭാവം | തീവ്രം | റിസോഴ്സ് റൂമുകളുടെ അഭാവം, ക്ലാസ്സ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല. പഠനത്തോടൊപ്പം കുട്ടികൾക്ക് താത്പര്യവും ആകാംക്ഷയും വർദ്ധിപ്പിക്കുന്ന രീതിയിലുള്ള അടിസ്ഥാന ശാസ്ത്ര ലാബ് സജ്ജീകരിക്കാനുള്ള സ്ഥല സൗകര്യമില്ല. കുട്ടികൾക്ക് ഏതൊരവസ്ഥയിലും ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള ഭോജനശാലയില്ല. |
| അക്കാദമികം | മെന്റർ അധ്യാപരുടെ അഭാവം | ഗുരുതരം | വിദ്യാർത്ഥികളുടെ തനത് ഭാഷയിൽ സംവദിക്കാനും പാഠഭാഗം അവരിലേക്കെത്തിക്കാനുമുള്ള പ്രയാസം. |
| | ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല. | ഗുരുതരം | തുടർച്ചയായുള്ള പരിശീലനം ഇല്ലായ്മ. |
| | പ്രവൃത്തിപരിചയമേളയിൽ ഉന്നത വിജയം കൈവരിക്കാൻ സാധിക്കുന്നില്ല. | | വ്യത്യസ്ത മേഖലയിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം. |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |



Scanned with OKEN Scanner

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. പ്രാദേശിക രചന തയ്യാറാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ. | **പരീക്ഷണക്കളരി**<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ (101എണ്ണം) സാകൂൾ അസംബ്ലിയുൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്ര പ്രക്രിയാശേഷി വർധിപ്പിക്കുക | **ശാസ്ത്രവിസ്മയ ചുമർ**<br>സയന്റിയ എന്ന നാമത്തിന്റെ ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര കോർണർ ഓരോ ക്ലാസ്സിലും നിർമിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| പരിസ്ഥിതിയുമായി ഇണങ്ങിച്ചേർന്ന് പഠനത്തെ ആസ്വാദകരമാക്കാൻ | **ശലഭോദ്യാന നിർമ്മാണം**<br>വിദ്യാർത്ഥികളുടെസാന്നിധ്യത്തിൽ ശലഭങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള ചെടികൾ നട്ടുപരിപാലിച്ച് ഉദ്യാനം നിർമ്മിക്കുകൽ. | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ് | |
| ശാസ്ത്ര പുസ്തകങ്ങൾ പരിചയപ്പെടുന്നതിനും ശാസ്ത്രജ്ഞരുടെ ജീവചരിത്രം,കണ്ടെത്തലുകൾ എന്നിവ മനസിലാക്കുന്നതിനും. | **യുരേക്ക**<br>കുട്ടികളുടെ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ലൈബ്രറിയിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകൾളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ -

## മലയാളം - 2024-25

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു<br>**ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | പ്രതിമാസം<br><br>മാസാവസാനം | മലയാളം ക്ലബ്ബ് |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക | പത്രം, ആഴ്ചപതിപ്പ് എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉയർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | മാസത്തിൽ | മലയാളം അദ്ധ്യാപകർ |
| സാഹിത്യ കൃതികളോടും സാഹിത്യകാരോടും ഉള്ള അനുകൂലമനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | വാർത്താവായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു<br>ക്വിസ് മത്സരങ്ങൾ നടത്തുന്നു.<br>സംവാദം / മുഖാമുഖം | ആഴ്ചതോറും<br>പ്രതിമാസം | |
| മലയാളം കംപ്യൂട്ടറിങ് പരിജ്ഞാനം നേടിയെടുക്കലും സർഗാത്മകശേഷി വളർത്തലും | ദൃശ്യാവിഷ്കാരങ്ങൾ ചെയ്യിപ്പിക്കുന്നു<br>മലയാളം കംപ്യൂട്ടറിങ് പരിശീലിപ്പിക്കുന്നു സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | മലയാളം, ഐ ടി അദ്ധ്യാപകർ |

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ -

## കായികം 2024-25

| Sl. No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ |
|---|---|---|---|---|
| 1 | കുട്ടികളിൽ കായികക്ഷമത വളർത്തിയെടുക്കുക | കായികക്ഷമതയുള്ള കുട്ടികളെ തിരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുക .യോഗ ,കരാട്ടെ ചെസ്സ് എന്നിവയിൽ പരിശീലനം നൽകുക . | ജൂൺ മുതൽ | കായിക അധ്യാപകൻ |
| 2 | കുട്ടികളുടെ ആരോഗ്യസ്ഥിതി അടുത്തറിയാൻ അവസരം ഒരുക്കുക | ആരോഗ്യക്ലാസ്സുകൾ സീസൺ രോഗങ്ങളെ കുറിച്ച് ബോധവത്കരണം, പ്രഥമശുശ്രൂഷാ കിറ്റ് , സൗകര്യം ലഭ്യമാക്കൽ | ജൂൺ മുതൽ | ഹെൽത്ത് ക്ലബ്ബ് |
| 3 | കായികപഠനത്തിന് താല്പര്യമുള്ള കുട്ടികളെ കണ്ടെത്തൽ ഇനം നിശ്ചയിക്കൽ | ഏത് മേഖലയിലാണോ കുട്ടികൾക്ക് താല്പര്യം അതിനനുസരിച് കുട്ടികൾക്ക് ഇനം തിരിച്ച് നൽകൽ | ജൂൺ മുതൽ | കായിക അധ്യാപകൻ |
| 4 | ജീവിതശൈലീ രോഗങ്ങൾ വ്യായാമത്തിലൂടെയുള്ള മാറ്റങ്ങൾ | കുട്ടികളിലുള്ള ജീവിത ശൈലീ രോഗങ്ങൾ കണ്ടെത്തി അതിനനുയോജ്യമായ യോഗ വ്യായാമ മുറകൾ കുട്ടികളെ പഠിപ്പിക്കൽ | ജൂൺ മുതൽ | കായിക അധ്യാപകൻ |

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മേഖല – കലാപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | പൂറ്റളവ് |
|---|---|---|---|
| കലാപരമായ കഴിവ്, വികസിപ്പിക്കുക | ആഴ്ചയിൽ ഒരു ദിവസം സാഹിത്യ സമാജം സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് നാടക പരിശീലനം നൽകുക. നാടൻ കലകളിൽ പ്രാവീണ്യം നേടിയവരെ പരിചയപ്പെടുത്തുന്നു | ജൂൺ മുതൽ | വിദ്യാരംഗം<br>പി. ടി. എ |
| വിവിധ കലാരൂപങ്ങളെ കുറിച്ചുള്ള ധാരണയുളവാക്കുക | വിവിധ കലാരൂപങ്ങളുടെ വേഷവിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവ പരിചയപ്പെടാനും കാണാനുമുള്ള അവസരം ഒരുക്കുക | | വിദ്യാഗരംഗം |

Scanned with OKEN Scanner

## അക്കാദമിക് മാസ്റ്റർ പ്ലാൻ -

## ഉറുദു 2024-25

| Sl No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ പാഠപുസ്തകം | കാലയളവ് | പിന്തുണ |
|---|---|---|---|---|
| 1 | ഉർദു പഠിക്കുന്ന കുട്ടികൾക്ക് അക്ഷരങ്ങൾ, പദങ്ങൾ, ആശയങ്ങൾ ഉറപ്പിക്കൽ | അക്ഷരം പഠപ്പിക്കൽ ചിഹ്നം ഉറപ്പിക്കൽ വിവിധതരം കാർഡുകൾ ക്ലാസ്സിൽ അക്ഷരമാല പ്രദർശനം, ലാബ് | ജൂൺ മുതൽ ആഗസ്റ്റ് | ഉറുദു അധ്യാപകൻ |
| 2 | വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഉർദുവിൽ പഠിപ്പിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടയുള്ള വസ്തുക്കളുടെയുള്ള പട്ടിക ഉർദുവിൽ തയ്യാറാക്കുക ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ മുതൽ ഒക്ടോബർ | ഉറുദു അധ്യാപകൻ |
| 3 | ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം | ദിനാചരണങ്ങൾ ഉർദു അസംബ്ലി - ക്ലാസ് ലൈബ്രറി അധികവായന സാമഗ്രികൾ ചിത്രസഹാത്തോടെ ചിത്രകഥകൾ തയ്യാറാക്കൽ, ചിത്രം, കഥപറയൽ - കഥ എഴുതൽ സമാന പദങ്ങൾ കണ്ടെത്തൽ വായനമൂല ഉറുദു ക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ മുതൽ ഫെബ്രുവരി | ഉറുദു അധ്യാപകൻ |

Scanned with OKEN Scanner

... - ഇംഗ്ലീഷ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow me if you can ! ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| | Meet the Foreigner. തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുന്നതിനുള്ള അവസരം നൽകുന്നു | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| ഭാവനാത്മക വായന പരിശീലിപ്പിക്കുന്നു | I Too can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കുവാൻ | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| | Reader of the Month: ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of Month-നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ | |
| | My words, my story ICT ഉപയോഗിച്ച് ഇംഗ്ലീഷ് കഥകൾ കാണിച്ചു കൊടുക്കുന്നു. ഉള്ളടക്കം കുട്ടികൾക്ക് എഴുതാൻ അവസരം നൽകുന്നു. | | | |
| തെറ്റ്കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets: കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷ്ണറി എന്നിവ തയാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | Alert zone: സൂചന ബോർഡുകൾ പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |

Scanned with OKEN Scanner

## യുപി ഗണിതം

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ശില്പശാല | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ( നമ്പർ കാർഡ്, മുത്തുകൾ, ഫ്ലാഷ് കാർഡ് ) | ജൂൺ - ജൂലൈ | ഗണിത അധ്യാപകൻ | |
| ഗണിത ഗ്രാമം | ഗണിതത്തിൽ പ്രാവണ്യമുള്ള അധ്യാപകരെ പിന്നോക്കം നിൽക്കുന്നക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ - മാർച്ച് | ഗണിത അധ്യാപകൻ | |
| ഐടി സാധ്യതകളിലൂടെ | ജ്യാമിതീയ രൂപങ്ങൾ, ചതുരശ്ശീയകൾ, ടാൻഗ്രാം ഇതേപോലെയുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | ജൂൺ - മാർച്ച് | ഗണിത അധ്യാപകൻ | |
| ഗണിത ക്ലിനിക് | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകനും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി അവസരം അനുസരിച്ചുള്ള നിർദ്ദേശങ്ങൾ നൽകുന്നു. | ജൂൺ - മാർച്ച് | ഗണിത അധ്യാപകൻ, സമർത്ഥരായ കുട്ടികൾ | |

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മേഖല – പി ടി എ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| എസ്. എസ്. ജിയുടെ സഹായം അക്കാദമിക അനക്കാദമികേതര പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ | രക്ഷിതാക്കളിൽ നിന്നും യോഗ്യരായവരുടെ വിവരശേഖരണം<br>രക്ഷിതാക്കളെ പഠനപ്രവർത്തനളിൽ ഉൾക്കൊള്ളിക്കൽ<br>കലാകായികമേള<br>മുന്നേറ്റം ക്ലാസ് | ഒരു വർഷം | എസ് എസ് ജി സ്റ്റാഫ് |
| പി ടി എ യുടെ തികഞ്ഞ പങ്കാളിത്തം | മാസത്തിൽ നിശ്ചിത ദിവസങ്ങളിൽ ജനറൽ എക്സിക്യൂട്ടീവ് യോഗം ചേരുക<br>കോർണർ പി ടി എ<br>ഉച്ചഭക്ഷണ പരിപാടിയിൽ പങ്കുകൊള്ളിക്കൽ<br>ഠകാർണർ പി ടി എ യിൽ രക്ഷിതാവിനെയും കുട്ടികളെയും ഉൾക്കൊള്ളിച്ച് കല സാംസ്കാരിക പ്രവർത്തനങ്ങൾ | ഒരു വർഷം | പി ടി എ, സ്റ്റാഫ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ഭിന്നശേഷി നിലവാരക്കാർ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | പൂറ്റളവ് |
|---|---|---|---|
| ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളെ കണ്ടെത്തജശ | ഓരോ വർഷവും ആദ്യമാസത്തിൽ റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ ഭിന്നശേഷിയുള്ള കുട്ടികളെ കണ്ടെത്തുക | | ബി ആർ സി |
| പഠഭാഗങ്ങളുടെ അനുരൂപീകരണം സാധ്യമാകുന്നു. | റിസോഴ്സ് ടീച്ചേഴ്സിന്റെ സഹായം എല്ലാ ദിവസവും ലഭ്യമാകുന്നു<br>ഐ സി റ്റി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക<br>ഇത്തരക്കാരെ പരിഗണിച്ചു കൊണ്ടുള്ള പ്രത്യേക ടീം തയ്യാറാക്കുക<br>സ്ക്കൂളിലെ അധ്യാപകർക്ക് പ്രത്യേക പരശീലനം നൽകുക<br>ഇത്തരക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ, സംവിധാനങ്ങൾ എന്നിവ ഒരുക്കുക | | |
| പ്രത്യേക പരിഗണന | ഈ വിഭാഗത്തപ്പെട്ട കുട്ടികൾക്ക് നിരന്തരമായ പ്രോത്സാഹനം നൽകുന്നു | | അധ്യാപകർ |

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ – അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അറബി ഭാഷയോടുള്ള വിരക്തി മാറ്റി എഴുതുവാനും വായിക്കുവാനും പ്രാപ്തനാക്കുക | അക്ഷര കാർഡ്, ചിത്രങ്ങൾ,കാണിച്ച് എഴുതുക | ആദ്യ പാഠം | അറബി അധ്യാപിക |
| പഠനത്തോടൊപ്പം സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന്റെ അഭാവം | അറബിയോടൊപ്പം<br>അറബിക് മരം<br>അറബിക് ചുവർ<br>അറബിക് അസംബ്ലി<br>ക്വിസ് മത്സരങ്ങൾ<br>പോസ്റ്റർ കാർഡ് നിർമ്മാണം<br>ഫ്ലാഷ്കാർഡുകൾ തയ്യാറാക്കൽ | ആഴ്ചയിൽ | അറബിക് ക്ലബ് |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സീഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |



Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മേഖല – പ്രവൃത്തി പരിചയം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുറ്റളവ് |
|---|---|---|---|
| പ്രാദേശികമായുള്ള പരിശീലകരെ പ്രയോജനപ്പെടുത്തിയുള്ള ക്ലാസുകൾ സംഘടിപ്പിക്കുക | പ്രവർത്തി പരിചയ മേഖലയിൽ കഴിവുള്ള പ്രാദേശികമായ വ്യക്തികളുടെ വിവരശേഖരണം<br>അവരെ ചേർത്തുള്ള റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കൽ | ആദ്യ പാദം | WE ക്ലബ് |
| കലാകായിക പ്രവർത്തനങ്ങളിലുള്ള കുട്ടികളുടെ അഭിരുചി തിരിച്ചറിയുക | തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവശ്യമായ പരശീലനങ്ങൾ നൽകുകയും ചെയ്യുക | | പി ടി എ, എസ് എസ് ജി |

Scanned with OKEN Scanner

സംസ്കൃതം

# അക്കാദമിക് മാസ്റ്റർപ്ലാൻ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1.ഭാഷ ജ്ഞാനം അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ അക്ഷര കാർഡ് വാക്കുകൾ എഴുതിയ കാർഡ് ക്ലാസ്സിൽ അക്ഷരമാല പ്രദർശനം | ജൂൺ - ഓഗസ്റ്റ് | സംസ്കൃതം അധ്യാപകൻ | 1000 | |
| 2 | വീട് ഒരു പരീക്ഷണശാല ( കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക ) | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക . ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃതം അധ്യാപകൻ | | സംസ്കൃതം നിഘണ്ടു |
| 3 | കരിക്കുലം ലക്ഷ്യം വെക്കുന്ന സംസ്കൃതഭാഷ പഠനനേട്ടങ്ങൾ | ക്ലബ്ബ് രൂപീകരണം ഗൃഹ സന്ദർശനം | ജൂൺ മാർച്ച് | സംസ്കൃതം അധ്യാപകൻ | 500 | |
| 4 | മത്സരപരീക്ഷകൾക്ക് തയ്യാറാക്കൽ | എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു സംസ്കൃതം സ്കോളർഷിപ് പരീക്ഷാ പരിശീലനം നടത്തുന്നു യു എസ് എസിന് സംസ്കൃതം കുട്ടികൾക്ക് പരിശീലനം കൊടുക്കുന്നു | ജൂലൈ - മാർച്ച് | സംസ്കൃതം അധ്യാപകൻ | 1000 | |



Scanned with OKEN Scanner

| | | | | | | |
|---|---|---|---|---|---|---|
| | പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ രീതിയിൽ പ്രത്യേകം ക്ലാസുകൾ നൽകുന്നു | ജൂലൈ - മാർച്ച് | സംസ്കൃതം അധ്യാപകൻ | | |
| | സംസ്കൃത പ്രദർശിനി | നിത്യോപയോഗ സാധനങ്ങളുടെ പ്രദർശനം സംസ്കൃതത്തിൽ | ഓഗസ്റ്റ് | സംസ്കൃതം അധ്യാപകൻ | 3000 | |
| | സംസ്കൃത കലോത്സവം | സംസ്കൃതകലോത്സവത്തിൽ അവതരിപ്പിക്കേണ്ട പരിപാടികളുടെ പരിശീലനവും അവതരണവും | ജൂലൈ - മാർച്ച് | സംസ്കൃതം അധ്യാപകൻ | 25000 | |



Scanned with OKEN Scanner

# മേഖല - പാഠ്യേതര പ്രവർത്തനങ്ങൾ

## കരാട്ടെ, ചെസ്സ്, യോഗ, ചെണ്ട

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ആയോധനകലയുടെ പ്രധാന്യത്തെ തിരിച്ചറിയുന്നതിനും കുട്ടികളിലേക്ക " എത്തിക്കുന്നതിനും | വിദ്യാലയത്തിൽ ആഴ്ച്ചയിൽ 2 ദിവസം കരാട്ടെ ക്ലാസ്സ് നടത്തുന്നു. | കായികാദ്ധ്യാപകൻ |
| കേരളീയവാദ്യകലകൾ കുട്ടികളിലേക്ക് എത്തിക്കുന്നതിന് പരിശീലനം നടത്തുന്നു. | വിദ്യാലയത്തിൽ ചെണ്ട പരിശീലന ക്ലാസ്സ് നടത്തുന്നു. | കായികാദ്ധ്യാപകൻ |
| ചതുരംഗം കളിയുടെ പ്രയോജനങ്ങളും സാധ്യതകളും കുട്ടികളിലേക്ക് എത്തിക്കുന്നതിന് | വിദ്യാലയത്തിൽ ചെസ്സ് പരിശീലന ക്ലാസ്സ് നടത്തുന്നു. | കായികാദ്ധ്യാപകൻ |
| വിദ്യാർത്ഥികളെ ശാരീരികവും മാനസീകവും ആയ ആരോഗ്യപരിപാലന സമ്പ്രദായങ്ങളിലേക്ക് എത്തിക്കുന്നത് | | കായികാദ്ധ്യാപകൻ |

Scanned with OKEN Scanner